**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *226 **09.03.2017-ൽ മറുപടിക്ക്**

<u>പട്ടികജാതി - പിന്നോക്ക ക്ഷേമ പദ്ധതികളുടെ നടത്തിപ്പ്</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2011-15 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കിയിട്ടുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, ഗാന്ധിഗ്രാം പദ്ധതി, ഭൂരഹിത പുനരധിവാസ പദ്ധതി എന്നിവയിൽ വ്യാപകമായ ക്രമക്കേട് നടന്നിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിലവിൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ ചെങ്ങറ കരിശുമല, പള്ളനാട്, സാൽടോസ്, മുള്ളരിങ്ങാട് ആദിയാർപുരം, തൊട്ടിക്കാനം എന്നീ പട്ടികജാതി കോളനികളിൽ നിർവ്വഹണ ഏജൻസിയായ KAICO നടത്തിയ പ്രവൃത്തികളിൽ ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ വിജിലൻസ്/ പോലീസ് അന്വേഷണം നടന്നു വരുന്നു. വയനാട് ജില്ലയിലെ ഭൂരഹിത പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടന്നതായി മാധ്യമ വാർത്ത വന്നിരുന്നു. ഇക്കാര്യം വിജിലൻസിന്റെ പരിശോധനയിലാണ്. എന്നാൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം സെന്റൊന്നിന് വകുപ്പ് നൽകിവരുന്ന 75,000/-, 1,50,000/-, 2,00,000/- രൂപയിൽ കുറഞ്ഞവിലയ്ക്ക് ഇടുക്കി പോലുള്ള ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ ഭൂമി ലഭിക്കുമെന്നതിനാൽ ചിലയാളുകൾ തുച്ഛമായ വിലയ്ക്ക് ഏക്കർ കണക്കിന് ഭൂമി വാങ്ങി സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് തുല്യമായ വിലയിൽ |

| | | | |
|---|---|---|---|
| | | | വിൽക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയും വകുപ്പിലെ ചില ഉദ്യാഗസ്ഥർ ഇതിനു കൂട്ടു നില്ക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതും വിജിലൻസ് അന്വേഷണം നടന്നുവരുന്നതുമാണ്. ഗാന്ധിഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ചില്ലിത്തോട് പട്ടികജാതി കോളനിയിൽ നിർവ്വഹണ ഏജൻസിയായ FIT നടത്തിയ പ്രവൃത്തികളിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതിയെത്തുടർന്ന് വിജിലൻസ് കേസ് നിലവിലുണ്ട്. ഇതുകാരണം തുടർ ഗഡു തുക അനുവദിച്ചു നൽകിയിട്ടില്ല. |
| (ബി) | പട്ടികജാതി-പിന്നോക്ക ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ ഏകോപനം ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹിക്കുന്ന ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടിയെടുക്കാൻ ഉദ്ദേശ്യമുണ്ടോ; | (ബി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പട്ടികജാതി കോളനി നവീകരണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ? | (സി) | വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പട്ടികജാതി കോളനി നവീകരണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് മാർച്ച് 31 നകം പൂർത്തിയാക്കുന്നതിന് എല്ലാ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.